**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4992** **01-11-2021 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതർക്ക് ഭൂമിയും പട്ടയ വിതരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാറിന്റെ കാലയളവിൽ അർഹരായ എത്ര പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്; അവർക്കെല്ലാം ഭൂമി ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | മുൻ സർക്കാറിന്റെ കാലയളവിൽ 162281 പേർക്ക് പട്ടയവും ഭൂമിയും ലഭ്യമാക്കി. |
| (ബി) | 2011-2016 ലെ സർക്കാറിന്റെ കാലയളവിൽ അർഹരായ എത്രപേർക്ക് പട്ടയവും ഭൂമിയും വിതരണം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | 2011-2016 ലെ സർക്കാറിന്റെ കാലയളവിൽ 134460 പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇവരിൽ എല്ലാപേർക്കും ഭൂമി ലഭ്യമായിട്ടില്ല. |
| (സി) | ഈ സർക്കാർ നാളിതുവരെ എത്ര പേർക്ക് പട്ടയവും അതുപ്രകാരമുള്ള ഭൂമിയും വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ; | (സി) | ഈ സർക്കാർ ആദ്യ നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി 13534 പേർക്ക് പട്ടയവും ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | ഇനിയും എത്ര ഭൂരഹിതരാണ് സംസ്ഥാനത്തുള്ളത് എന്നതിന്റെ കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ; അവർക്ക് ഭൂമി ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്തെ ഭൂരഹിതർക്കും ഭവന രഹിതർക്കും വീട് നൽകുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർവ്വെ ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുള്ളത് പ്രകാരം സംസ്ഥാനത്തെ ഭൂരഹിതരുടെ എണ്ണം 341095 ആണ്. 1960 ലെ കേരള ഭൂപതിവ് നിയമത്തിനു കീഴിലുള്ള ഭൂ പതിവ് ചട്ടങ്ങൾ അനുസരിച്ച് അർഹരായിട്ടുള്ളവർക്ക് ഭൂമിക്ക് പട്ടയം നൽകി വരുന്നുണ്ട്. റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന വിഷൻ & മിഷൻ 2021-26 പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയമസഭാ സാമാജികരുടെയും ജില്ലാ അടിസ്ഥാനത്തിലുള്ള യോഗത്തിൽ ഉയർന്ന ആവശ്യത്തിന്റെയും റവന്യൂ സെക്രട്ടേറിയറ്റിൽ നടന്ന ചർച്ചയുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഓരോ വില്ലേജിലേയും ഭൂരഹിതരുടെ എണ്ണം ഭൂമിയുടെ ലഭ്യത, പട്ടയ വിതരണത്തിനുള്ള തടസ്സം തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ഒരു ഡാഷ് ബോർഡ് സജ്ജമാക്കുന്നതിനും അതിലൂടെ എല്ലാവർക്കും ഭൂമി, എല്ലാവർക്കും രേഖ എന്ന ലക്ഷ്യം |

| | | | |
|---|---|---|---|
| | | | സാക്ഷാത്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടു പോകുന്നു. |
| (ഇ) | വനഭൂമിയുമായി അതിർത്തി പങ്കിടുന്നതിന്റെ പേരിൽ പട്ടയം നൽകാൻ തടസ്സം ഉള്ള പ്രദേശങ്ങൾ ഏതെല്ലാമാണ്; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (ഇ) | തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ തെന്നൂർ വില്ലേജിൽ ഉൾപ്പെട്ട 74.83 ഏക്കർ മിച്ച ഭൂമി വനഭൂമിയോട് ചേർന്നു കിടക്കുന്നതാണ്. പ്രസ്തുത ഭൂമി പരിസ്ഥിതി ലോലപ്രദേശം എന്ന നിർവ്വചനത്തിൽ വരുന്നതും പ്രസ്തുത ഭൂമി വാസയോഗ്യമല്ലാത്തതിനാൽ പട്ടയം വിതരണം ചെയ്യാൻ കഴിയുകയില്ല. കൊല്ലം ജില്ലയിൽ പുനലൂർ, പത്തനാപുരം, കൊട്ടാരക്കര താലൂക്കുകളിലെ വില്ലേജുകൾ എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ, കീരാമ്പാറ, കോട്ടപ്പടി, കടവൂർ, കുട്ടമംഗലം, നേര്യമംഗലം വില്ലേജുകൾ, കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ കൂരാച്ചുണ്ട്, ചക്കിട്ടപ്പാറ വില്ലേജുകളിലും താമരശ്ശേരി താലൂക്കിലെ കാന്തലാട് വില്ലേജിലും വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിലെ കാഞ്ഞിരങ്ങാട്, പേര്യ, മാനന്തവാടി, തൊണ്ടർനാട്, തവിഞ്ഞാൽ, തൃശ്ശിലേരി എന്നീ വില്ലേജുകളിലും സുൽത്താൻ ബത്തേരി താലൂക്കിലെ പുൽപ്പള്ളി, കിടങ്ങനാട്, നടവയൽ, കുപ്പാടി വില്ലേജുകളും കണ്ണൂർ ജില്ലയിലെ കോളയാട് വില്ലേജ് എന്നിവ വനഭൂമിയായി അതിർത്തി പങ്കിടുന്നതിന്റെ പേരിൽ പട്ടയം നൽകുന്നതിന് തടസ്സം ഉള്ളതായി കാണുന്നു. 01.01.1977-നുമുമ്പുള്ള വനം കൈവശങ്ങളുടെ സംയുക്തപരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ട കൈവശക്കാർക്ക് സംയുക്ത പരിശോധനയ്ക്ക് ശേഷം വനംവകുപ്പിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമാക്കുന്നതനുസരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ